**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3905** 15.05.2017 ലെ മറുപടി

**<u>മുടങ്ങിക്കിടക്കുന്ന ശുദ്ധജല പദ്ധതികൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ. ഷാഫി പറമ്പിൽ | മാത്യൂ ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഇല്ലാത്തതുമൂലം മുടങ്ങിക്കിടക്കുന്ന എത്ര ശുദ്ധജല പദ്ധതികൾ സംസ്ഥാനത്തുണ്ട്; വിശദാംശം ലഭ്യമാക്കുമോ;<br><br>ബി പ്രസ്തുത പദ്ധതികൾ ഏറ്റെടുക്കാൻ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) & ബി) ഫണ്ടിന്റെ അപര്യാപ്തത കൊണ്ട് വിഭാവനം ചെയ്ത അത്ര ദൈർഘ്യത്തിൽ വിതരണ ശൃംഖല സ്ഥാപിക്കാൻ കഴിയാത്തതും മൂലം പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമാകാത്ത ഏതാനും പദ്ധതികളുണ്ട്. 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വിതരണശൃംഖലകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്ന പദ്ധതികളായ ധർമ്മടം കുടിവെള്ള പദ്ധതി വിപുലീകരണം, കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ ) കുടിവെള്ള പദ്ധതി - വിതരണ ശൃംഖല മെച്ചപ്പെടുത്തൽ, മാനന്തവാടി, ഇടവക. നല്ലൂർനാട് വില്ലേജുകൾക്ക വേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ. തിരുവാലിക്കും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതിയുടെ വിതരണശൃംഖല വിപുലീകരണം, നെന്മാറയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം, കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ, വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ. പെരുനാട് - അത്തിക്കയം വില്ലേജുകളുടെ വിതരണശൃംഖല മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. 163.1 കോടി രൂപയുടെ അനുമതി മേൽ |

പദ്ധതികൾക്ക് സർക്കാരിൽ നിന്ന് ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ കോട്ടയം ഗ്രാമപഞ്ചായത്തിലേക്കുള്ള കുടിവെള്ളപദ്ധതിയുടെ ജോലികൾ ആരംഭിക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. മാനന്തവാടി, ഇടവക. നല്ലൂർനാട് വില്ലേജുകൾക്കു വേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ,നെന്മാറയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം. (പാക്കേജ് 1) പെരുനാട് - അത്തിക്കയം വില്ലേജുകളുടെ വിതരണശൃംഖല മെച്ചപ്പെടുത്തൽ (പാക്കേജ് 1) എന്നീ പദ്ധതികളുടെ ടെണ്ടറുകളുടെ അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| സി ഇതിനുവേണ്ടി പ്രത്യേക നിക്ഷേപ നിധിയിൽ നിന്ന് എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ? | സി) 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച "വിതരണശൃംഖലകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്ന പദ്ധതികൾക്കായി 163.1 കോടി രൂപ വകയിരുത്തിയിരുന്നു. |

RenuKa Sankar
സെക്ഷൻ ഓഫീസർ